ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പഞ്ചായത്തുകളും നോട്ടിഫൈ ചെയ്തതിനു ശേഷം വാർഡുകളുടെ പുനർ വിഭജനവും സംവരണ നിർദ്ദേശങ്ങളുമെല്ലാം നോട്ടിഫൈ ചെയ്തതിനെത്തുടർന്നു എന്തെങ്കിലും നിർദ്ദേശങ്ങളോ എതിർപ്പോ ഇല്ലാതിരിക്കെ ഇന്നത്തെ പരിതസ്ഥിതിയിൽ ആ വാർഡുകളും മാറുന്നതിനോ സംവരണം മാറുന്നതിനോ സാദ്ധ്യമാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ബഹുമാനപ്പെട്ട മെമ്പർ കാര്യം മനസ്സിലാക്കിതന്നെയാണു് ഈ കാര്യം ചോദിച്ചതു്. (ചിരി)

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : അല്ലാട്ടു്, ഇടഞ്ഞിട്ട ഈ രണ്ടു വാർഡുകളിലുംകൂടി, കൊട്ടമൺ വാർഡിലുള്ളതിനേക്കാളും കൂടുതൽ പട്ടികജാതിക്കാർ ഉണ്ടെന്നു സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു് അങ്ങനെ കൂടുതൽ വോട്ടേഴ്സുള്ള വാർഡു റിസർവേഷൻ വാർഡായി പരിഗണിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : രണ്ടു വാർഡും കൂട്ടിച്ചേർക്കണമെന്നാണോ പറയുന്നതു് ?

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : ഇന്നു റിസർവേഷൻ സീറനുവദിച്ചിരിക്കുന്ന കൊട്ടമൺവാർഡും രണ്ടു വാർഡു കൂട്ടിച്ചേർത്തതാണു്. ആ വാർഡിലുള്ളതിനേക്കാളും കൂടുതൽ പട്ടികജാതി വോട്ടേഴ്സ് അല്ലാട്ടു്, ഇടഞ്ഞിട്ട വാർഡുകളും കൂട്ടിച്ചേർത്താൽ ഉണ്ടെന്നു പറയുന്നു. 346 വോട്ടേഴ്സുള്ള വാർഡു് റിസർവേഷൻ വാർഡായും, 550 വോട്ടേഴ്സുള്ള വാർഡു് റിസർവേഷൻ വാർഡല്ലാതെയും വരുന്നതു ശരിയാണോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ കെയുള്ള വോട്ടേഴ്സിന്റെ സംഖ്യകൂടി പരിഗണിച്ചിട്ടാണു് വാർഡു വിഭജനം നടത്തുന്നതു്. ഇപ്പോൾ പറയുന്ന വാർഡുതന്നെ റിസർവേഷൻ വാർഡായി സ്വീകരിക്കണമെന്നു പറഞ്ഞാൽ, പട്ടികജാതി വോട്ടർമാരെ ഒരു വാർഡിൽനിന്നു മറ്റൊരു വാർഡിലേക്കു് മാറ്റി താമസിപ്പിക്കേണ്ടതായി വരും. അതു വിഷമമായിത്തീരും.

നിരാലംബർക്കും അംഗവൈകല്യമുള്ളവർക്കും നൽകുന്ന സഹായം.

* 321. (8) ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗവൈകല്യമുള്ളവർക്കും നിരാലംബരായ വിധവകൾക്കും സഹായം ചെയ്യാൻ വല്ല പദ്ധതിയും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേന്ദ്ര ആഭ്യന്തര വകുപ്പിൽനിന്നും ഈ ഇനത്തിൽ വല്ല സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(സി) അടുത്ത സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ട നടപടികളും സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): (എ) അംഗവൈകല്യമുള്ളവർക്കും, നിരാലംബരായ വിധവകൾക്കും സഹായം നൽകാനുള്ള ഒരു പദ്ധതി, 1-1-1964 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ടു്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ആർ. വിജയൻ: 1-1-1964 മുതൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നു പറഞ്ഞു. ഇതിനു് അപേക്ഷിക്കാനുള്ള ഫാറം ഇതുവരെ വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ഫീസുകളിൽ കിട്ടിയിട്ടില്ലെന്നറിയുന്നു. ഈ മാസം 28-ാംതീയതിക്കുമുൻപു് എല്ലാ വില്ലേജാഫീസുകളിലും ഫാറം എത്തിക്കാൻ വേണ്ട നടപടി ചെയ്യുമോ?

ശ്രീ. ആർ. ശങ്കർ: എല്ലാ വില്ലേജാഫീസുകളിലും ഫാറം ഉടനെ എത്തിക്കാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. എൻ. ഭാസ്കരൻ നായർ: കളക്ടരുടെ നിർദ്ദേശം കിട്ടിയിട്ടില്ല എന്ന കാരണത്താൽ, മുനിസിപ്പൽ കമ്മീഷണർമാർ ഇതു സംബന്ധിച്ച അപേക്ഷകളും സ്വീകരിക്കുന്നില്ല. അതിനു പ്രത്യേകം നിർദ്ദേശം നൽകുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ നിർദ്ദേശം കൊടുത്തിട്ടില്ലെങ്കിൽ അന്വേഷിക്കാം.

ശ്രീ. പി.സി. ബാലകൃഷ്ണൻ നമ്പ്യാർ: കുട്ടികളുള്ള വിധവകൾക്കു കൊടുക്കുന്ന ധനസഹായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ആർ. ശങ്കർ: മൈനർ കുട്ടികളും ഇല്ലാത്ത വിധവകൾക്കു് 15 രൂപയും, മൈനർ കുട്ടികളും ഉള്ള വിധവകൾക്കു് 20 രൂപയും ആണു് കൊടുക്കാൻ ഉദ്ദേശിക്കുന്നതു്.

ശ്രീ. എം. രവീന്ദ്രനാഥ്: അംഗഭംഗംവന്ന മിലിട്ടറിക്കാർക്കു് സഹായധനം കൊടുക്കുമെന്നു പത്രത്തിൽ കണ്ടു. അതു സംസ്ഥാന ഗവണ്മെന്റു നൽകുന്നതാണോ; കേന്ദ്ര ഗവണ്മെന്റു നൽകുന്നതാണോ?

ശ്രീ. ആർ. ശങ്കർ: അതു ഇൻഡ്യാ ഗവണ്മെന്റിൽനിന്നു ചെയ്യുന്ന സഹായമാണു്, മിലിട്ടറി ഡ്യൂട്ടിയിലിരിക്കുമ്പോഴും ഏതുപ്രകാരത്തിലുള്ള സേവനം ചെയ്യുന്നവരായാലും അംഗവൈകല്യം വന്നാൽ ഈ സഹായം ലഭിക്കുന്നതായിരിക്കും.

സാഹിത്യ അക്കാദമിയും സംഗീത നാടക അക്കാദമിയും.

* 322. (9) ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹിത്യഅക്കാഡമി, സംഗീതനാടക അക്കാദമി എന്നീ സംഘടനകളിലെ ഇപ്പോഴത്തെ അംഗങ്ങൾ ആരെല്ലാം;

(ബി) ഈ സംഘടനകളും 1963-64 (ഡിസംബർ അവസാനംവരെ) വർഷത്തിൽ ചെലവഴിച്ച തുകകളും എത്രവീതമാണു്;

(സി) ഓരോ സംഘടനയും ചെലവഴിച്ച തുകകളിൽ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഗ്രാന്റു നൽകുന്നതിനുവേണ്ടി വിനിയോഗിച്ച തുക എത്ര;

(ഡി) തുക ചെലവുവന്ന മറ്റിനങ്ങൾ ഏതെല്ലാം?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): (എ) ഇപ്പോഴുള്ള അംഗങ്ങളുടെ ഒരു ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ടു് †

(ബി) കേരള സാഹിത്യ അക്കാദമി, 40411 രൂപാ 92 നയാപൈസയും കേരള സംഗീത നാടക അക്കാദമി, 59,842 രൂപ 64 നയാപൈസയും ചെലവഴിച്ചിട്ടുണ്ടു്.

(സി) കേരള സാഹിത്യ അക്കാദമി, 11,986 രൂപ 34 നയാ പൈസയും കേരള സംഗീതനാടക അക്കാദമി 27,000 രൂപയും ഈ ആവശ്യത്തിലേക്കായി വിനിയോഗിച്ചിട്ടുണ്ടു്.

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly